1. ഇ.ബി. XIII-കേരള നിയമസഭ/XI-10

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ജൂൺ 20, വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### ഭരണസ്തംഭനം

മി. സ്പീക്കർ: സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ ചേരിതിരിവ് അതിരൂക്ഷമാവുകയും ഭരണസ്തംഭനം സൃഷ്ടിച്ചിരിക്കുകയും ചെയ്തതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. മാത്യു റ്റി. തോമസ്, കെ. രാധാകൃഷ്ണൻ, വി. എസ്. സുനിൽകുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50

അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ചേരിപ്പോര് കാരണം ഭരണ സ്തംഭനമുണ്ടായി എന്നു പറയുന്നത് ശരിയല്ല. ചീഫ് സെക്രട്ടറിക്കെതിരെ കൊടുത്ത പരാതി പത്രങ്ങളിൽ വന്നത് സംബന്ധിച്ച് അന്വേഷിക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിലുള്ള ചെറിയ അഭിപ്രായ വ്യത്യാസങ്ങൾക്കും അകൽച്ചയ്ക്കും മാധ്യമങ്ങൾ അമിത പ്രാധാന്യമാണ് നൽകുന്നത്. ഐ.എ.എസ്. അസോസിയേഷൻ നൽകിയ നിവേദനം പരിശോധിക്കുന്നതും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതുമാണ്.

ശ്രീ. മാത്യു റ്റി. തോമസ്: സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ രൂപപ്പെട്ട ചേരിതിരിവ് സിവിൽ സർവ്വീസിന്റെ മാന്യത കെടുത്തുന്നതിനും ഭരണ തകർച്ചയ്ക്കും കാരണമായിരിക്കുകയാണ്. അനധികൃത സ്വത്ത് സമ്പാദനം, മൂന്നാർ ഒഴിപ്പിക്കലിലെ അവിഹിതമായ ഇടപെടൽ തുടങ്ങിയ ഗുരുതരമായ ആക്ഷേപങ്ങളുന്നയിച്ച് ചീഫ് സെക്രട്ടറിയും ഒരു വിഭാഗം ഐ.എ.എസ്. ഉദ്യോഗസ്ഥരും പരസ്പരം പടനയിക്കുകയാണ്. ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ വളരെനാളുകൾക്ക് മുമ്പാരംഭിച്ച അവിശ്വാസവും ചേരിതിരിവും പരിഹരിക്കുന്നതിന് ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല.

മുഖ്യമന്ത്രിക്ക് പരാതി കൊടുത്തതിന്റെ പേരിൽ ഐ.എ.എസ്. ഉദ്യോഗസ്ഥന് മെമ്മോ കൊടുക്കുകയും മുഖ്യമന്ത്രിയുടെ ഉത്തരവിന് വിരുദ്ധമായ ഉത്തരവ് ഇറക്കുകയും ചെയ്ത ചീഫ് സെക്രട്ടറിയുടെ നടപടി ജനാധിപത്യ വിരുദ്ധമാണ്. ചീഫ് സെക്രട്ടറിക്കെതിരെയുള്ള പരാതി അന്വേഷിക്കുന്നതിന് പകരം പരാതി നൽകിയ ഐ.എ.എസ്. ഉദ്യോഗസ്ഥനെതിരെ മന്ത്രിസഭ അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ്. ചരിത്രത്തിൽ ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത വിധത്തിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ തമ്മിലടിച്ച് സംസ്ഥാനത്ത് ഭരണസ്തംഭനമുണ്ടാക്കുന്ന ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കിടയിലെ ചേരിതിരിവ് കാരണം ഭരണസ്തംഭനം നിലനിൽക്കുന്നുവെന്ന രീതിയിൽ മാധ്യമങ്ങളിൽ വന്ന തെറ്റായ വാർത്തയെക്കുറിച്ച് അന്വേഷിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് സ്വാതന്ത്ര്യവും പ്രൊട്ടക്ഷനും നൽകുന്നതാണ്. പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനും മുൻ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുമായ ശ്രീ. കെ. എം. ചന്ദ്രശേഖരനോട് ഈ പ്രശ്നത്തിൽ ഇടപെട്ട് പരിഹാരമുണ്ടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഐ.എ.എസ്.

ഉദ്യോഗസ്ഥർക്ക് കേരളത്തിൽ ജോലിചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, ഇ. ചന്ദ്രശേഖരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### ഇ.എഫ്.എൽ. പരിധിയിൽ നിന്നൊഴിവാക്കിയ കർഷകരുടെ ഭൂമി

ശ്രീ. റോഷി അഗസ്റ്റിൻ: 1971-ലെ കേരള സ്വകാര്യ വനഭൂമി നിക്ഷിപ്തമാക്കലും പതിച്ചുനൽകലും നിയമം അനുസരിച്ച് സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയ 190761.935 ഹെക്ടർ സ്വകാര്യ വനഭൂമിയിൽ നിന്ന് കർഷകർക്കും കർഷകത്തൊഴിലാളികൾക്കും കാർഷികാവശ്യത്തിനായി ഭൂമി പതിച്ചു നൽകിയിട്ടില്ല. ഭൂവുടകൾക്ക് നിയമാനുസൃതം ലഭിച്ച ഭൂമി വീണ്ടും

ഏറ്റെടുക്കുന്നതിനായി 2000-ൽ അന്നത്തെ സർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് പ്രകാരം ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച് വനം വകുപ്പ് നോട്ടിഫൈ ചെയ്തത് കർഷകരുടെ നാണ്യവിളകളും ദീർഘകാല വിളകളും വാസസ്ഥലങ്ങളും ഉൾപ്പെടുന്ന ഭൂപ്രദേശമാണ്. പ്രസ്തുത ഓർഡിനൻസിന് പകരമായി പാസ്സാക്കിയ 2003-ലെ കേരള വനം പരിസ്ഥിതി ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വവും ആക്ട് അനുസരിച്ച് എല്ലാ തോട്ടവിളകളും ദീർഘകാല വിളകളും കൃഷി ചെയ്യുന്ന സ്ഥലവും വാസസ്ഥലവും ഇ.എഫ്.എൽ. പരിധിയിൽനിന്ന് ഒഴിവാക്കുകയും തർക്കങ്ങൾ പരിഹരിക്കുന്നതിന് ട്രൈബ്യൂണലിന് രൂപം നൽകുകയും ചെയ്തിരുന്നു. നിയമം പ്രാബല്യത്തിൽ വന്നത് അഞ്ച് വർഷത്തിന് ശേഷമായതിനാൽ ട്രൈബ്യൂണലിന് മുമ്പാകെ കാലപരിധിക്കുള്ളിൽ പരാതി സമർപ്പിക്കാൻ കർഷകർക്ക് അവസരം കിട്ടിയിട്ടില്ല. പുതുക്കിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഇ.എഫ്.എൽ.-ന്റെ പരിധിയിൽ നിന്നൊഴിവാക്കിയ ഭൂമി കർഷകർക്ക് വിട്ടുകൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 02-06-2000-ൽ നിലവിൽവന്ന ഇ. എഫ്. എൽ. നിയമപ്രകാരം 1112 ബീറ്റുകളിലായി 14910.48 ഹെക്ടർ ഭൂമി

ഇ.എഫ്. എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ നിയമത്തിലെ പ്രധാന പോരായ്മ നഷ്ടപരിഹാരം കൊടുക്കാതെ ഭൂമി ഏറ്റെടുത്തിരിക്കുന്നു എന്നുള്ളതാണ്. പട്ടയമുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ ചെറുകിടകൃഷിക്കാർക്കെങ്കിലും നഷ്ടപരിഹാരം കൊടുക്കാനുള്ള ബാധ്യത സർക്കാരിനുണ്ടായിരുന്നു. 2009-ൽ ഇ.എഫ്.എൽ. നിയമത്തിൽ ഭേദഗതി വരുത്തി 10 (എ)-എന്ന വകുപ്പ് കൂട്ടിച്ചേർക്കുകയും അതനുസരിച്ച് 320.6078 ഹെക്ടർ സ്ഥലം ഇ.എഫ്.എൽ. പരിധിയിൽനിന്ന് ഒഴിവാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പുപ്രകാരം അനുവദിച്ചിരുന്ന ആറുമാസ കാലപരിധിക്കുള്ളിൽ നഷ്ടപരിഹാരത്തിന് അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത ചെറുകിടകർഷകർക്ക് അപേക്ഷ സമർപ്പിക്കാൻ വീണ്ടും അവസരം നൽകുന്നതും ഭൂമി നഷ്ടപ്പെട്ട ഉടമസ്ഥർക്ക് രണ്ട് ഹെക്ടർ വരെയുള്ള സ്ഥലത്തിന് നഷ്ടപരിഹാരം നൽകാൻ സാധിക്കുമോയെന്നതും ഇ.എഫ്.എൽ. നിയമപ്രകാരം രൂപീകരിച്ച ട്രിബ്യൂണലുകളിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള കാലാവധി നീട്ടുന്നതും സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. ഇ എഫ്. എൽ. നിയമം കർഷകർക്ക് ദോഷകരമാകാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും പുതുതായി ഇ.എഫ്.എൽ-ൽ കൊണ്ടുവരുന്നതിന് നിയന്ത്രണങ്ങളേർപ്പെടുത്തുന്ന

തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇ.എഫ്.എൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നിയമവകുപ്പിന് സമർപ്പിക്കാൻ ഒരു ഡ്രാഫ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് വെറ്റ് ചെയ്തുകിട്ടിയാലുടൻ ബാക്കി നടപടികളിലേയ്ക്ക് പോകുന്നതാണ്.

## (2) പുലിമുട്ട് നിർമ്മാണം

ശ്രീ. സി. കെ. നാണു: കടൽക്ഷോഭംമൂലം കടലോരമേഖലകളിലെ കടൽഭിത്തികളും വീടുകളും തീരദേശ റോഡുകളും തകരുന്നതുകാരണം തീരദേശവാസികൾക്ക് താമസം മാറിപ്പോകേണ്ട അവസ്ഥയാണുള്ളത്. വടകര നിയോജകമണ്ഡലത്തിൽ രൂക്ഷമായ കടലാക്രമണം നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുലിമുട്ട് നിർമ്മിച്ച് കടൽഭിത്തി സംരക്ഷിക്കുന്നതിനും വനംവകുപ്പിന്റെ സഹായത്തോടെ ഈ പ്രദേശത്തെ മണ്ണൊലിപ്പ് തടയുന്നതിന് കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കടലാക്രമണം നേരിടുന്ന കടലോരത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഫിഷറീസ്-ജലസേചന വകുപ്പുകളുടെ സംയോജനത്തോടെ ഫ്ളാറ്റുകൾ നിർമ്മിച്ച്

കടലോരത്തിനുസമീപം തന്നെ മാറ്റിപ്പാർപ്പിക്കുന്നതിനും കടലോരം സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): വടകര താലൂക്കിലെ കടലോര പഞ്ചായത്തുകളായ ഒഞ്ചിയം, അഴിയൂർ, ചോറോട് എന്നിവിടങ്ങളിലെയും വടകര മുനിസിപ്പാലിറ്റിയിലെയും നിലവിലുള്ള കടൽഭിത്തി രൂക്ഷമായ കടലാക്രമണംമൂലം തകർന്നുകൊണ്ടിരിക്കുകയാണ്. അടിയന്തര നടപടിയെന്ന നിലയിൽ ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിച്ച വീടുകൾക്കും റോഡുകൾക്കും ഭീഷണിയായ സ്ഥലങ്ങളിൽ താൽക്കാലിക സംരക്ഷണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹാർബറിനോടനുബന്ധിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്ന തീരദേശ മേഖലകളിൽ ശക്തമായ കരയെടുക്കൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ തകർന്ന കടൽഭിത്തികൾ എത്രയുംപെട്ടെന്ന് ആവശ്യമായ പുലിമുട്ടോടുകൂടി പുനരുദ്ധാരണം നടത്തി തീരദേശ മേഖലയെ കടലാക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്. വടകര താലൂക്കിൽ ഏകദേശം 41.3 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തികൾ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹാർബർ പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന കാര്യം പ്രത്യേകമായി

ആലോചിക്കുന്നതാണ്. മറ്റു കാര്യങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ്. ഐ.ഐ.റ്റി. പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പുലിമുട്ടുകൾ നിർമ്മിക്കുന്നത്. വടകര പ്രദേശത്ത് അടിയന്തരമായി പ്രസ്തുത പഠനം നടത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

## സബ്മിഷൻ

### (1) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തൽ

ശ്രീ. റ്റി. എൻ. പ്രതാപൻ: റിസർവ് ബാങ്കിന്റെ നിയമങ്ങളും നിർദ്ദേശങ്ങളും ലംഘിച്ച് പണമിടപാടുകൾ നടത്തി വൻതോതിലുള്ള പലിശ വാങ്ങുന്ന വൻകിട സ്ഥാപനങ്ങളെ ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തി കൊള്ളപ്പലിശക്കാരെ പരിപൂർണ്ണമായും ഉന്മൂലനം ചെയ്യാനും ബ്ലേഡ് മാഫിയകളുടെ ഇടനിലക്കാരായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും രേഖകളില്ലാതെ ബ്ലേഡ് കമ്പനികൾ നടത്തുന്ന സർക്കാർ ജീവനക്കാർക്കെതിരെയും കർശന നടപടി സ്വീകരിക്കാനും പൊതുജനങ്ങൾക്ക് നൽകിയിരിക്കുന്ന ഫോൺ നമ്പറിനുപുറമേ ടോൾ ഫ്രീ നമ്പർ, ജില്ലാതലങ്ങളിൽ ഹെൽപ്പ് ഡെസ്ക് എന്നിവ ഏർപ്പെടുത്താനും

നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സഹകരണ സ്ഥാപനങ്ങൾ, ഗവൺമെന്റുമായി ബന്ധമുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുക്കുന്ന വായ്പയ്ക്ക് മുതലിന്റെ മൂന്നിരട്ടിയോളം പലിശ ഈടാക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്തെ ബ്ലേഡ് മാഫിയകളുടെ വേരറുക്കുന്നതുവരെ ഓപ്പറേഷൻ കുബേരയുമായി സർക്കാർ ശക്തമായി മുന്നോട്ടുപോകുന്നതാണ്. ഓപ്പറേഷൻ കുബേര തുടങ്ങിയതിനുശേഷവും ആളുകൾ ആത്മഹത്യ ചെയ്യുകയാണ്. വൻകിട പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശരിയല്ല. ഉന്നതൻമാർ നടത്തുന്ന സ്ഥാപനങ്ങളാണെങ്കിലും പരാതികൾ ലഭിച്ചാൽ നടപടിയെടുക്കുന്നതാണ്. പരാതിയുടെ അടിസ്ഥാനത്തിൽ നിരവധി സ്ഥാപനങ്ങളിൽ പോലീസ് റെയ്ഡ് നടത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരുതരത്തിലുമുള്ള രാഷ്ട്രീയ ഇടപെടലും അനുവദിക്കുന്നതല്ല. പോലീസ് ഉദ്യോഗസ്ഥർ ഇത്തരം കേസ്സുകളിൽ മധ്യസ്ഥം വഹിക്കരുതെന്ന് നിർദ്ദേശിക്കുകയും പോലീസുകാർ ഇടപെടുന്നുണ്ടെന്ന ആരോപണങ്ങൾ ഉയർന്നപ്പോൾ അവർക്കെതിരെ ശക്തമായ

നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തി വൈരാഗ്യത്തിന്റെയോ അഭിപ്രായ വ്യത്യാസത്തിന്റെയോ പേരിൽ നിരപരാധികളെ ഓപ്പറേഷൻ കുബേരയുടെ പേരിൽ ദ്രോഹിക്കാനുള്ള ശ്രമങ്ങളെ തടയണമെന്നും പരാതി ലഭിച്ചാൽ വെരിഫിക്കേഷനുശേഷം മാത്രമേ റെയ്ഡും മറ്റു കാര്യങ്ങളുമായി മുന്നോട്ടുപോകാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓപ്പറേഷൻ കുബേരയിലെ ഉദ്യോഗസ്ഥർ പോലീസിലെ ഇന്റലിജൻസ് അടക്കമുള്ള വിവിധ വിഭാഗങ്ങളുടെ നിരീക്ഷണത്തിലാണ്. എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ്, ഡിവൈ.എസ്.പി.മാർ എന്നിവരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും അവരുടെ ഫോൺ നമ്പരുകൾ ഹെൽപ്പ് ലൈനായി നൽകുകയും ഫോണിലൂടെ രഹസ്യമായി ലഭിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിനായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തുന്നതാണ്. ഓപ്പറേഷൻ കുബേര പദ്ധതി ആരംഭിച്ചതിനുശേഷം ജനങ്ങളിൽ വലിയതോതിയുള്ള അവബോധം ഉണ്ടായിട്ടുണ്ട്. ചിട്ടി നിയമത്തിനനുസരിച്ച് മാത്രമേ ചിട്ടികൾ നടത്താവൂയെന്ന് നിഷ്ക്കർഷിക്കുകയും അല്ലാത്തവരുടെ പേരിൽ നടപടിയെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. നിയമപരമല്ലാതെ പണമിടപാട് നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ന്യൂ ജനറേഷൻ ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ

എന്നിവയിലൂടെ ഉദാരമായ നിലയിൽ ജനങ്ങൾക്ക് വായ്പ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഓപ്പറേഷൻ കുബേര സുതാര്യമായി നടപ്പാക്കാനും കേരളത്തിലെ ജനങ്ങളെ കൊള്ളപ്പലിശക്കാരിൽനിന്ന് രക്ഷിക്കാനുമുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും.

## (2) പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. പി. ബി. അബ്ദുൾ റസാക്: മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഉപ്പള ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 96-ഓളം അധിക തസ്തികകൾ സൃഷ്ടിക്കേണ്ടി വരുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് ധനകാര്യ വകുപ്പ് പ്രൊപ്പോസൽ നിരസിച്ചിരിക്കുകയാണ് . വിവിധ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കാനും പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്താനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പിൽനിന്ന് റിപ്പോർട്ട്

ലഭിച്ചശേഷം ഉപ്പളയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതാണ്.

## (3) നരീക്കുനി ആസ്ഥാനമായി പോലീസ് സ്റ്റേഷൻ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരീക്കുനി ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): നരീക്കുനി പ്രദേശത്തിന്റെ ഒരു ഭാഗം കോഴിക്കോട് സിറ്റി കമ്മീഷണറുടെയും കുറച്ചുഭാഗം വടകര റൂറൽ എസി.പി.യുടെയും കീഴിലായതുകൊണ്ട് ഭരണപരമായ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. സാമ്പത്തിക സ്ഥിതി അനുകൂലമാകുന്ന സാഹചര്യത്തിൽ നരീക്കുനി ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (4) നിമിതയുടെ തിരോധാനം

ശ്രീ. കെ. ദാസൻ: കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിലെ നിമിത എന്ന പെൺകുട്ടിയെ ഗുരുവായൂരിലെ ഗുരുബാബ ആശ്രമത്തിൽനിന്നും ദുരൂഹ

സാഹചര്യത്തിൽ കാണാതായത് സംബന്ധിച്ച് പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ച് സമഗ്ര അന്വേഷണം നടത്തണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കൊയിലാണ്ടി മണ്ഡലത്തിൽപ്പെട്ട മൂടാടി പഞ്ചായത്തിലെ ശങ്കരന്റെ മകൾ നിമിത രക്ഷകർത്താക്കൾക്കൊപ്പം ഗുരുവായൂരിലെ ഗുരുബാബ ആശ്രമത്തിൽ ഭജനയ്ക്കായി എത്തുകയും 24-05-2014 മുതൽ മകളെ കാണാനില്ലെന്ന പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിയുടെ അനുവാദത്തോടെ ആശ്രമത്തിൽ പോലീസ് റെയ്ഡ് നടത്തി അവിടത്തെ ജീവനക്കാർ, അന്തേവാസികൾ എന്നിവരിൽനിന്ന് തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തിവരികയാണ്. പ്രസ്തുത കേസ് അന്വേഷണം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ചുമതല ഏൽപ്പിക്കുന്നതാണ്.

## (5) തുറമുഖ വകുപ്പിൽനിന്ന് പിരിച്ചുവിട്ട ജീവനക്കാരെ തിരിച്ചെടുക്കൽ

ശ്രീ. എളമരം കരീം: തുറമുഖ വകുപ്പിൽനിന്ന് മൂന്ന് ജീവനക്കാരെ പിരിച്ചുവിട്ട

നടപടി പുന:പരിശോധിച്ച് അവരുടെ തൊഴിൽ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): തുറമുഖ വകുപ്പിലെ ഹെഡ് ക്ലാർക്ക്, യു.ഡി. ക്ലാർക്ക്, എൽ.ഡി. ക്ലാർക്ക് എന്നീ മൂന്ന് ജീവനക്കാർക്കെതിരെ തുറമുഖ വകുപ്പ് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിക്കുകയും സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. അവർ നൽകിയ അപ്പീൽ പരിശോധിച്ച് ദയാപരമായ സമീപനം സ്വീകരിക്കുകയും രണ്ട് ജീവനക്കാരെ സർവ്വീസിൽ താൽക്കാലികമായി പുന:പ്രവേശിപ്പിക്കുന്നതിന് പി.എസ്.സി. യുടെ ഉപദേശം ലഭ്യമായാലുടൻതന്നെ നടപടി സ്വീകരിക്കുന്നതുമാണ്. എൽ.ഡി. ക്ലാർക്കിന്റെ പേരിൽ ഏതെങ്കിലും ക്രിമിനൽ കേസ് നിലവിലുണ്ടോയെന്ന റിപ്പോർട്ട് തുറമുഖ വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമായാലുടൻ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (6) രാത്രിയാത്രകൾക്ക് കെ.എസ്.ആർ .ടി.സി. സൗകര്യം

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ട ജില്ലാ ആസ്ഥാനത്തുനിന്ന് ദീർഘദൂര സർവ്വീസുകളും കിഴക്കൻ പ്രദേശങ്ങളിൽനിന്നും രാത്രികാലങ്ങളിൽ യാത്ര

ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി. ബസ്സുകളും അനുവദിച്ച് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ചചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ചേരുന്നതാണ്. യാത്രാക്ലേശം പരിഹരിക്കുന്നതിന് ലാഭകരമായ റൂട്ടുകളിൽ കൂടുതൽ ബസ് അനുവദിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതും ഇന്റർ സ്റ്റേറ്റ് ബസ്സുകൾ അനുവദിക്കുന്ന കാര്യം ഇന്റർസ്റ്റേറ്റ് എഗ്രിമെന്റ് ഒപ്പിടുന്ന സമയത്ത് പരിഗണിക്കുന്നതുമാണ്.

## (7) കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് ആവശ്യമായ ബസ്സുകളും സ്പെയർപാർട്ട്സും നൽകുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ

ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പത്ത് ബസ്സുകൾ സർക്കാരിന്റെ 100 ഇന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നൽകുന്നതിനും കളക്ഷൻ സാദ്ധ്യതകൾ പരിശോധിച്ച് ഇന്റർസ്റ്റേറ്റ് ബസ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (8) ഇരുചക്ര വാഹന യാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. വി. വിജയദാസ്: ഹെൽമറ്റ് വേട്ട നടത്തിയും അമിത പിഴ ഈടാക്കിയും ഇരുചക്രവാഹനയാത്രക്കാരെ ബുദ്ധിമുട്ടിക്കുന്ന നടപടി അവസാനിപ്പിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മോട്ടോർ വെഹിക്കിൾസ് നിയമത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കും വാഹന പരിശോധന സംബന്ധിച്ച് ഇറക്കിയിട്ടുള്ള ഗൈഡ് ലൈൻസിനും വിധേയമായിട്ടുള്ള പരിശോധനയും പിഴ ഈടാക്കലും ഒഴിവാക്കാൻ നിർവ്വാഹമില്ല. വാഹന പരിശോധന ജനസൗഹാർദ്ദപരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (9) സാക്ഷരതാ പ്രവർത്തകരുടെ പ്രശ്നങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: സാക്ഷരതാ പ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും തൊഴിൽസ്ഥിരത ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): 1998-ൽ കേന്ദ്ര സർക്കാർ

സഹായത്തോടെ നടപ്പാക്കിയ തുടർവിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പിനായി ദേശീയ സാക്ഷരതാ മിഷന്റെ നിബന്ധനകളനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ അനുവദിച്ച 2019 തുടർ വിദ്യാകേന്ദ്രങ്ങളിലായി പ്രവർത്തിക്കുന്ന 2316 പ്രേരക്മാർക്കുള്ള വേതനം ഓണറേറിയമായിട്ടാണ് നൽകുന്നത്. പ്രേരക്മാരുടെ ഓണറേറിയം 40 ശതമാനം വർദ്ധിപ്പിക്കണമെന്ന സാക്ഷരതാ മിഷൻ ഭരണസമിതിയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (10) റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സർവ്വ ശിക്ഷാ അഭിയാന്റെ കീഴിൽ പ്രൈമറി സ്കൂളുകളിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സംയോജിത വിദ്യാഭ്യാസ പരിപാടിയിൽ ജോലി ചെയ്തുവരുന്ന റിസോഴ്സ് അദ്ധ്യാപകരുടെ സേവന - വേതന വ്യവസ്ഥകളിലെ പോരായ്മകൾ പരിഹരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർവ്വശിക്ഷാ അഭിയാന്റെ ഭാഗമായ സംയോജിത വിദ്യാഭ്യാസ പരിപാടിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന 1618 റിസോഴ്സ് അദ്ധ്യാപകരെ 2014-15-വാർഷിക പദ്ധതിയിൽ തുടർന്നും കരാർ അടിസ്ഥാനത്തിൽ

നിയമിക്കുന്നതിനുള്ള അനുമതിക്ക് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും കേരളത്തിലെ റിസോഴ്സ് അദ്ധ്യാപകരുടെ എണ്ണം കൂടുതലാണെന്നും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി ജനറൽ സ്കൂൾ അദ്ധ്യാപകരെയും പരിശീലിപ്പിക്കണമെന്ന നിർദ്ദേശമനുസരിച്ച് നിലവിലുള്ള റിസോഴ്സ് അദ്ധ്യാപകരുടെ എണ്ണം 1335 ആയി കുറവ് ചെയ്തു. കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്നവർക്ക് 01-01-2014 മുതൽ ഓണറേറിയം 11000 രൂപയായി വർദ്ധിപ്പിക്കുകയും ലീവ് സറണ്ടറും ഇ.പി.എഫ്. ആനുകൂല്യവും നൽകുന്നതുമാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**(1) റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**(2) സാമാന്യമായി പൊതുതാത്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ**

## സമഗ്ര പരിസ്ഥിതി നയം

( 2012 ഡിസംബർ 21-ാം തീയതി ശ്രീ. റ്റി. എൻ. പ്രതാപൻ എം.എൽ.എ അവതരിപ്പിച്ച പ്രമേയം)

(ചർച്ച തുടർച്ച)

ശ്രീ. പി. സി. വിഷ്ണുനാഥ്: 44 നദികൾ കൊണ്ട് സമ്പന്നമായ കേരളത്തിൽ അനിയന്ത്രിതമായ മണൽ വാരലും മാലിന്യ നിക്ഷേപവുംമൂലം നദികൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. 2001-ലെ നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം നദികളെ സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ്. ഉദ്യോഗസ്ഥരുടെ അലംഭാവം നിമിത്തം നിയമത്തിലെ വ്യവസ്ഥകളൊന്നും ഫലപ്രാപ്തിയിലെത്തുന്നില്ല. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നദികളെ പുനരുജ്ജീവിപ്പിച്ച് സംരക്ഷിക്കാനും അനിയന്ത്രിതമായ മണൽ വാരൽ നിരോധിക്കാനും നടപടിയുണ്ടാകണം. റിവർ മാനേജ്മെന്റ് ഫണ്ട് കാര്യക്ഷമമായി ചെലവഴിക്കാനും സാൻഡ് ഓഡിറ്റ് നടത്താനും തയ്യാറാകണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): അവസാന ഖണ്ഡികയിലെ "ആയതിനാൽ" എന്നതിനുശേഷമുള്ള ഭാഗത്തിനുപകരം താഴെപ്പറയും പ്രകാരം ചേർക്കുക.

"കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ

വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ രാഷ്ട്രീയ ഇച്ഛാശക്തി കാണിക്കണമെന്ന് ഈ സഭ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: പ്രമേയത്തിലെ ഉള്ളടക്കത്തോട് യോജിക്കുന്നു. മാഫിയാസംഘങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഇന്നത്തെ ഭരണകൂടത്തിനില്ല. ഇവിടെ മാഫിയാ സംഘങ്ങൾ രൂപപ്പെടുകയും നിയമം വെല്ലുവിളിക്കപ്പെടുകയും ചെയ്യുന്നു. നദികളിൽനിന്ന് മണൽവാരുന്നത് നിമിത്തം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹികപ്രശ്നങ്ങളിൽ ഗവൺമെന്റ് ഇടപെടുകയും ശക്തമായ നിലപാട് സ്വീകരിക്കുകയും വേണം. നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ മണൽ ലഭിക്കുന്നതിനുള്ള പാസുകൾ മാഫിയകൾ കരസ്ഥമാക്കി മണൽ കള്ളക്കടത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സംസ്ഥാനത്തെ നദികളും അവയുടെ പരിസരപ്രദേശങ്ങളും മലിനമായിക്കൊണ്ടിരിക്കുന്നു. നദികൾ ഉത്ഭവിക്കുന്ന സ്ഥലങ്ങളിൽപോലും മാലിന്യങ്ങൾ കുന്നുകൂടുന്നു. പുഴകളുടെയും നദികളുടെയും തീരപ്രദേശങ്ങളിലെ കിണറുകളിൽ വേനൽക്കാലമായാൽ ശുദ്ധജലം ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. മണലിന്റെ ദൗർലഭ്യം നിമിത്തം നിർമ്മാണമേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ബദൽ സംവിധാനം

ഏർപ്പെടുത്തണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: പ്രമേയത്തിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നു. കടവുകളുടെ എണ്ണം മണൽമാഫിയ നിർണ്ണയിക്കുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. ഒരു വിഭാഗം പോലീസുകാരുടെയും റവന്യൂ ഉദ്യോഗസ്ഥരുടെയും ഒത്താശയോടെയാണ് മണൽക്കൊള്ള നടക്കുന്നത്. കാസർകോട് ജില്ലയിൽ നടപ്പാക്കിക്കൊണ്ടിരുന്ന ഇ-മണൽ സംവിധാനം ഇല്ലാതായിരിക്കുന്നു. മണൽവാരൽ നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി. എഫ്. തോമസ്: നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിലുള്ള വീഴ്ചയാണ് ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് കാരണം. മണൽ ലഭ്യമായ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതിനും കടൽമണൽ ശുദ്ധീകരിച്ചെടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. നദികളെ സംരക്ഷിക്കുന്നതോടൊപ്പം ചെറിയ തോടുകളെയും കുളങ്ങളെയും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രമേയത്തിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനും നദികളുടെ സംരക്ഷണത്തിനും ചില നിയന്ത്രണങ്ങൾ ഉണ്ടാക്കേണ്ടത് ആവശ്യമാണ്. സംസ്ഥാനത്തെ നദികളിൽ

സാന്റ്ഓഡിറ്റ് നടത്തി നിശ്ചിത അളവിൽ മാത്രമേ മണൽ വാരാവൂ എന്ന വ്യവസ്ഥയുണ്ടാക്കുന്നതാണ്. പാരിസ്ഥിതിക നയത്തിന് ഗവൺമെന്റ് രൂപംകൊടുക്കുകയും അതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്യും. ബഹുമാനപ്പെട്ട അംഗം പ്രമേയം പ്രസ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിച്ചു.

ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## 2. സബർബൻ റെയിൽ സംവിധാനം

ശ്രീ. പി. ഉബൈദുള്ള: "രൂക്ഷമായ ഗതാഗത പ്രശ്നം നിലനിൽക്കുന്ന മലബാർ മേഖലയിലെ ജനങ്ങളുടെ യാത്രാ ദുരിതം പരിഹരിക്കാനുതകുന്നതും, സ്ഥലമെടുപ്പു പോലുള്ള പ്രയാസങ്ങളില്ലാത്തതുമായ 'സബർബൻ റെയിൽ' സംവിധാനം മലബാർ മേഖലയിൽക്കൂടി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

സർക്കാർ നവരത്ന പദ്ധതികളിലുൾപ്പെടുത്തി നടപ്പാക്കുന്ന സബർബൻ റെയിൽ സംവിധാനം രണ്ടു ഘട്ടങ്ങളിലായി എറണാകുളം വരെ ദീർഘിപ്പിച്ച് രണ്ടര മണിക്കൂർ കൊണ്ട് തിരുവനന്തപുരം-എറണാകുളം സർവ്വീസ് നടത്താനാണ്

ഉദ്ദേശിക്കുന്നത്. രൂക്ഷമായ യാത്രാദുരിതമനുഭവിക്കുന്ന മലബാർ മേഖലയിൽക്കൂടി ഈ സംവിധാനം വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് മുംബൈ റെയിൽ വികാസ് കോർപ്പറേഷനെ ചുമതലപ്പെടുത്താൻ സർക്കാർ തയ്യാറാകണം. കേരളത്തിന്റെ നഗരസ്വഭാവവും ട്രെയിൻയാത്രക്കാരുടെ വർദ്ധനവും റോഡുവികസനത്തിനുള്ള സ്ഥലമെടുപ്പിന്റെ സങ്കീർണ്ണതകളുമാണ് സബർബൻ റെയിൽ പദ്ധതി അനിവാര്യമാക്കുന്നത്. മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി തെക്കൻ കേരളത്തെ അപേക്ഷിച്ച് നഗരവൽക്കരണം കൂടുതൽ നടക്കുന്നത് മധ്യകേരളത്തിലും വടക്കൻ കേരളത്തിലുമാണ്. മലബാർ മേഖലയിൽ നിന്ന് തിരുവനന്തപുരം ആർ.സി.സി.യിൽ ചികിത്സയ്ക്ക് വരുന്ന രോഗികൾ വലിയ യാത്രാദുരിതമാണ് അനുഭവിക്കുന്നത്. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വികസന പദ്ധതി എന്ന നിലയിലും ആധുനികവും സുരക്ഷിതവുമായ ഗതാഗത സമ്പ്രദായമെന്ന നിലയിലും സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്രദമായ രീതിയിൽ ഈ പദ്ധതി നടപ്പാക്കണം. പ്രമേയം പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിലാദ്യത്തെ റെയിൽവേ ലൈനും ബ്രോഡ്ഗേജ് ലൈനും വന്നത് മലബാറിലാണ്. റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ തുടർച്ചയായി മലബാറിനെ അവഗണിക്കുന്ന സമീപനം മാറണം. തിരുവനന്തപുരം മുതൽ എറണാകുളം വരെ നടപ്പിലാക്കുന്ന

സബർബൻ റെയിൽ പദ്ധതി കോഴിക്കോടുവരെ നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"ജനങ്ങളുടെ" എന്ന വാക്കിനുശേഷം "പൊതു ഗതാഗത സംവിധാനത്തിന് യാതൊരുവിധ മുൻഗണനയും പ്രാധാന്യവും കൊടുക്കാത്ത സർക്കാർ നിലപാട് തിരുത്താനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"ത്വരിതപ്പെടുത്തണമെന്ന്" എന്ന വാക്കിനു പകരം "ത്വരിതപ്പെടുത്തണമെന്നും, അതിന് മുൻപായി, നിലവിലുള്ള റോഡുകൾ കാലോചിതമായി ഗതാഗത യോഗ്യമാക്കണമെന്നും " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. പ്രദീപ് കുമാർ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"ത്വരിതപ്പെടുത്തണമെന്ന്" എന്ന വാക്കിനു പകരം "ത്വരിതപ്പെടുത്തണമെന്നും, റോഡു വികസനത്തിനുള്ള നിർദ്ദിഷ്ട പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കണമെന്നും " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ): സബർബൻ റെയിൽ പദ്ധതി കൊണ്ടുമാത്രം മലബാർ മേഖലയുടെ യാത്രാപ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെടില്ല. യാത്രാദുരിതം പരിഹരിക്കുന്നതിന് പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിനും

റെയിൽവേ സ്റ്റേഷനുകൾ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. പാലക്കാട് റെയിൽവേ ഡിവിഷൻ മാറ്റിക്കൊണ്ടു പോകുന്നതിനുള്ള നീക്കത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ മലബാർ മേഖല ഏറെ പിന്നിലാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള യാത്രക്കാർക്ക് പ്രയോജനപ്രദമാകുന്ന നിലയിൽ സബർബൻ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. ഇ. കെ. വിജയൻ: പ്രമേയത്തെ പിന്താങ്ങുന്നു. മലബാർ മേഖലയിലെ ജനങ്ങളുടെ യാത്രാ ദുരിതം പരിഹരിക്കുന്നതിനുവേണ്ടി മലബാർ മേഖലയിൽകൂടി സബർബൻ റെയിൽ സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. സി. എഫ്. തോമസ്: ഗതാഗതക്കുരുക്കുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കേരളത്തിൽ സബർബൻ റെയിൽ അത്യാവശ്യമാണ്. സബർബൻ റെയിലിന്റെ ഒന്നാംഘട്ടം കോട്ടയം വരെ നീട്ടുന്ന കാര്യം ആലോചിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തോട് പൂർണ്ണമായും യോജിക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 3330 കോടിയിലധികം രൂപ ചെലവ് വരും. സാധ്യതാ പഠന

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റുമായും റെയിൽവേയുമായും ചർച്ച നടത്തിയശേഷം മാത്രമേ പദ്ധതി ഫൈനലൈസ് ചെയ്യുകയുള്ളൂ. സംസ്ഥാന തലസ്ഥാനമായതിനാലാണ് ആദ്യഘട്ടം തിരുവനന്തപുരത്ത് നിന്ന് ആരംഭിക്കാൻ തീരുമാനിച്ചത്. മലബാർ മേഖലയിലെ രൂക്ഷമായ യാത്രാക്ലേശം പരിഗണിച്ച് രണ്ടാം ഘട്ടത്തിൽ മലബാറിനെ ഉൾപ്പെടുത്തുന്നതാണ്. പ്രമേയം അംഗീകരിക്കാവുന്നതാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## (3) എഫ്.എ.സി.ടി. നേരിടുന്ന പ്രതിസന്ധി

ഡോ. ടി. എം. തോമസ് ഐസക്: "ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഉല്പാദനശാലയും കേരളത്തിന്റെ അഭിമാനവുമായ എഫ്.എ.സി.ടി. അതീവ ഗുരുതരമായ പ്രതിസന്ധിയെയാണ് നേരിടുന്നത്. പ്രകൃതി വാതകത്തിന്റെ വില മറ്റുള്ള കമ്പനികൾക്ക് 4.3 ഡോളറാണെങ്കിൽ ഫാക്ടിന് ലഭിക്കുന്നത് 24-34 ഡോളർ നിരക്കിലാണ്. അമോണിയ പ്ലാന്റും കാപ്രോലാക്ടം പ്ലാന്റും ഇതിനകം അടച്ചുപൂട്ടി. സമ്പൂർണ്ണ തകർച്ചയിൽ നിന്ന് ഫാക്ടിനെ രക്ഷിക്കാൻ പൊതുമേഖല പുനരുദ്ധാരണ ബോർഡ് ശുപാർശ ചെയ്ത 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് അംഗീകരിച്ച് ഫണ്ട് അനുവദിക്കണമെന്നും പ്രകൃതിവാതകത്തിന്റെ അധിക വിലയ്ക്ക്

കോമ്പൻസേഷൻ അനുവദിക്കണമെന്നും സംസ്ഥാന നിയമസഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ: പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. ടി. എം. തോമസ് ഐസക്: ഫാക്ടിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ നഷ്ടം 274 കോടി രൂപയാണ്. ഫാക്ടിലെ പ്രധാനപ്പെട്ട അസംസ്കൃത വസ്തുവായ നാച്വറൽ ഗ്യാസ് വടക്കേ ഇന്ത്യയിലെ കമ്പനികൾക്ക് 4.2 ഡോളറിന് ലഭിക്കുമ്പോൾ ഫാക്ടിന് 19 ഡോളറിനാണ് ലഭിക്കുന്നത്. ഉല്പാദനച്ചെലവിനെക്കാൾ താഴ്ന്ന വിലയ്ക്കാണ് ഫാക്ടംഫോസും അമോണിയം സൾഫേറ്റുമെല്ലാം വിൽക്കുന്നത്. പ്രകൃതി വിഭവത്തിന്റെ വില ഇന്ത്യയിലെ എല്ലാ ഫെർട്ടിലൈസർ കമ്പനികൾക്കും ഒരുപോലെയാക്കണം. അടച്ചുപൂട്ടിയ കാപ്രോലാക്റ്റം ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കണം. പൊതുമേഖലാ പുനരുദ്ധാരണ ബോർഡ് ശുപാർശ ചെയ്ത സാമ്പത്തിക പാക്കേജ് അംഗീകരിക്കണം. പ്രകൃതി വാതകത്തിന്റെ അധിക വിലയ്ക്ക് കോമ്പൻസേഷൻ അനുവദിക്കുകയോ ഇന്ത്യയിലെ എല്ലാ ഫെർട്ടിലൈസർ കമ്പനികൾക്കും പ്രകൃതി വാതകം തുല്യവിലയ്ക്ക് ലഭ്യമാക്കുകയോ വേണം.

ശ്രീ. ബെന്നി ബെഹനാൻ: പ്രമേയത്തെ പിന്താങ്ങുന്നു. പ്രമേയത്തിൽ പറയുന്ന കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഫാക്ടിന്റെ സാമ്പത്തിക പാക്കേജ് കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ചതാണെങ്കിലും

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവിറങ്ങിയില്ല. പെട്രോളിയം ഉൽപ്പന്നങ്ങളെപ്പോലെ എൽ.എൻ.ജി.-യും എല്ലാ സംസ്ഥാനങ്ങളിലും ഒരേ വിലയ്ക്ക് കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. എൽ.എൻ.ജി. വാങ്ങുന്നതിന് സബ്സിഡി നൽകാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും വാറ്റ് നികുതിയിൽ സംസ്ഥാന ഗവൺമെന്റ് ഇളവ് അനുവദിക്കുകയും വേണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പ്രമേയം അംഗീകരിക്കുന്നു. പൊതുമേഖല പുനരുദ്ധാരണ ബോർഡ് ശുപാർശ ചെയ്ത സാമ്പത്തിക പാക്കേജ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചാൽ സംസ്ഥാനത്തിന്റെ വാറ്റ് നികുതിയിൽ ഇളവ് നൽകും.

ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## (4) മായംചേർക്കൽ തടയുന്നതിന് നടപടി

ശ്രീമതി ഇ. എസ്. ബിജിമോൾ: "രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത പ്രയോഗവും ഭക്ഷണ പദാർത്ഥങ്ങളിലെ മായം ചേർക്കലും ഭക്ഷ്യ സാധനങ്ങളെയും ഭക്ഷ്യോൽപന്നങ്ങളെയും മാത്രമല്ല, നമ്മുടെ ഭൂമിയെയും പ്രകൃതിയെയും കൂടി മലിനമാക്കുന്നു. മാരക കീടനാശിനികളുടെ അമിതമായ ഉപയോഗം അറിയപ്പെടാത്ത വ്യത്യസ്ത രോഗങ്ങൾ മനുഷ്യ സമൂഹത്തിൽ

പടർന്നുപിടിക്കാൻ കാരണമാകുന്നു. ഇതിനൊരു പ്രത്യക്ഷ ഉദാഹരണമാണ് കാസർഗോഡ് ജില്ലയിൽ ദുരിതം വിതറുന്ന എൻഡോസൾഫാൻ ഉപയോഗം. ഭക്ഷണ പദാർത്ഥങ്ങളിലെ മായം ചേർക്കൽ തടയുന്നതിന് നമ്മുടെ രാജ്യത്ത് നിയമങ്ങൾ നിലവിലുണ്ടെങ്കിലും, നിയമം നടപ്പാക്കുന്നതിലുള്ള പരാജയവും ഈ വിഷയത്തിലുള്ള പൊതുസമൂഹത്തിന്റെ അജ്ഞതയും കാരണം ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കൽ ഇന്നും വ്യാപകമായി തുടരുകയാണ്.

ആയതിനാൽ, മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പിനുതന്നെ വെല്ലുവിളി ഉയർത്തുന്ന മാരകമായ കീടനാശിനികളുടെയും കളനാശിനികളുടെയും ഉപയോഗവും ഭക്ഷണപദാർത്ഥങ്ങളിലെ മായം ചേർക്കലും തടയുന്നതിനുള്ള നിയമങ്ങൾ ശക്തമായി നടപ്പാക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ: പ്രമേയത്തെ പിന്താങ്ങുന്നു.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

* * * * * * * * * *